## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2867 — 02.04.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

### പുരാരേഖകൾ ഡിജിറ്റലൈസ് ചെയ്യാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ വി.എം. ഉമ്മർമാസ്റ്റർ | ശ്രീ അടൂർ പ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ മിനിറ്റ്സ് അടക്കമുള്ള രേഖകൾ കാലിക്കറ്റ് ആർക്കൈവ്സിലോ കോഴിക്കോട് കളക്ട്രേറ്റിലോ ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ മിനിറ്റ്സ് അടക്കമുള്ള രേഖകൾ കോഴിക്കോട് കളക്ട്രേറ്റിൽ ലഭ്യമല്ല. എന്നാൽ പ്രസ്തുത ബോർഡിന്റെ ചില രേഖകൾ അതായത്, മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രൊസീഡിംഗ്സ് അടങ്ങുന്ന ഗസറ്റുകൾ റീജിയണൽ ആർക്കൈവ്സ് കോഴിക്കോടിൽ ലഭ്യമാണ്. |
| (ബി) കോഴിക്കോട് കളക്ട്രേറ്റിലെ റിക്കോർഡ്സിൽ ഇൻഡക്സ് ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള പുരാരേഖകളെല്ലാം ഇൻഡക്സ് ചെയ്യുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനും നിർദ്ദേശം നൽകുമോ? | (ബി) ആർക്കൈവ്സ് വകുപ്പ് പ്രത്യേകപദ്ധതി പ്രകാരം കോഴിക്കോട് കളക്ട്രേറ്റിൽ സൂക്ഷിച്ചിട്ടുള്ള (സ്ഥിരമായി സൂക്ഷിക്കേണ്ടുന്ന) റിക്കാർഡുകൾക്ക് ഇൻഡക്സ് തയ്യാറാക്കി വരികയാണ്. പ്രസ്തുത രേഖകൾ ആർക്കൈവ്സ് വകുപ്പിലേയ്ക്ക് മാറ്റുന്നതിനനുസൃതമായി അവ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിക്ക് ടി. വകുപ്പ് രൂപം നൽകുന്നതായിരിക്കും |

സെക്ഷൻ ഓഫീസർ